# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അകലക്കുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎംപി13/2016/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 02/11/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അകലക്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎംപി13/2016/2022 തീയ്യതി: 02/11/2022

## കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2021 മുതൽ 30-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-09-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബീനാകുമാരി.സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 13-09-2022 | 23-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-09-2022 | 23-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുധാജേക്കബ്,ഓഡിറ്റ് ഓഫീസർ
അമ്പിളി എം. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിത എം എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഉണ്ണികൃഷ്ണൻ എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജാൻസി ബാബു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സൂസി ജോസഫ് | സെക്രട്ടറി | 01-04-2021 | 07-03-2022 |
| ജോസഫ് മാർട്ടിൻ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കവിത എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| സ്നേഹലത മാത്യൂസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ പ്രീത എസ് വൈ | മെഡിക്കൽ ഓഫീസർ പിഎച്ച് സി | 01-04-2021 | 31-03-2022 |
| ഡോ വസുധ എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ ധന്യ ഗോപാൽ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ജലജാകുമാരി പി എസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 24-11-2021 |
| രശ്മി | ഐസിഡിഎസ് സൂപ്പർവൈസർ | 25-11-2021 | 31-03-2022 |
| അമല മാത്യു | വിഇഒ | 01-04-2021 | 29-09-2021 |
| മനു മോഹനൻ | വി ഇ ഒ (ഇൻ ചാർജ് ) | 30-09-2021 | 13-12-2021 |
| ജെസിൽ കെ എച്ച് | വിഇഒ | 14-12-2021 | 31-03-2022 |
| മനു മോഹനൻ | വിഇഒ | 01-04-2021 | 31-03-2022 |
| അന്ന പി ജോൺ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ജോസഫ് മാർട്ടിൻ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| റെയ്മോൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| കുര്യാക്കോസ് മാത്യൂ റ്റി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sudha Jacob (Audit Officer, On 25-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-10-2022) | 1-1 |
| 2 | വാർഷിക കണക്കുകളുടെ അവലോകനം<br>Written By: Ambily M (Asst. Audit Officer, On 23-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-2 |
| 3 | സാമ്പത്തികനില<br>Written By: Sudha Jacob (Audit Officer, On 25-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Ambily M (Asst. Audit Officer, On 23-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം<br>Written By: Sudha Jacob (Audit Officer, On 25-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി<br>Written By: Sunitha M S (Senior Grade Auditor, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമപദ്ധതികൾ<br>Written By: Sudha Jacob (Audit Officer, On 25-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-10-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Ambily M (Asst. Audit Officer, On 23-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-10-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: Sudha Jacob (Audit Officer, On 25-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sudha Jacob (Audit Officer, On 25-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-10 |
| 11 | വസ്തുനികുതി - [2016-17] മുതലുള്ള കുടിശ്ശിക തുക ഈടാക്കിയില്ല<br>Written By: Unnikrishnan M (Auditor, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-11 |
| 12 | കെട്ടിടനിർമ്മാണം ക്രമവത്കരിച്ചില്ല<br>Written By: Unnikrishnan M (Auditor, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Unnikrishnan M (Auditor, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-13 |
| 14 | ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു<br>Written By: Unnikrishnan M (Auditor, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-10-2022) | 1-14 |
| 15 | കടമുറികൾ ഉപയോഗശൂന്യമായി നിലനിർത്തിയിരിക്കുന്നു<br>Written By: Unnikrishnan M (Auditor, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-10-2022) | 1-15 |
| 16 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭ്യമായില്ല<br>Written By: Ambily M (Asst. Audit Officer, On 23-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-16 |
| 17 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ ബാക്കി നില്ക്കുന്ന തുകകൾ ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-17 |

| | | |
|---|---|---|
| | Written By: Ambily M (Asst. Audit Officer, On 23-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | |
| 18 | കേന്ദ്ര ധനകാര്യകമ്മീഷൻ അവാർഡ് - സാങ്കേതിക പിഴവ് മൂലം ബേസിക് ഗ്രാന്റ് തുക ചെലവഴിക്കാൻ കഴിഞ്ഞില്ല<br>Written By: Ambily M (Asst. Audit Officer, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-18 |
| 19 | പൊതുടാപ്പുകളുടെ വെള്ളക്കരം -കുടിശ്ശിക ഒഴിവാക്കേണ്ടതാണ്<br>Written By: Sunitha M S (Senior Grade Auditor, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-19 |
| 20 | വിവിധ കമ്മിറ്റി തീരുമാനങ്ങളിൻമേൽ തുടർനടപടികൾ സ്വീകരിക്കാനവശേഷിക്കുന്നു<br>Written By: Sudha Jacob (Audit Officer, On 26-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-20 |
| 21 | സബ്സെന്റർ നിർമ്മാണത്തിനായി തുക കൈമാറി- പദ്ധതി പൂർത്തീകരിച്ചിട്ടില്ല<br>Written By: Sudha Jacob (Audit Officer, On 25-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-21 |
| 22 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല -തുക തടസ്സപ്പെടുത്തുന്നു<br>Written By: Sunitha M S (Senior Grade Auditor, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-22 |
| 23 | കോവിഡ് ചെലവുകളുടെ അവലോകനം<br>Written By: Sunitha M S (Senior Grade Auditor, On 24-09-2022)<br>Last Updated By: C R Beenakumary (Deputy Director, On 02-11-2022) | 1-23 |
| 24 | കരിമ്പാനി ഗവ. ഹോമിയോ ഡിസ്പെൻസറി - മരുന്നുകൾ ലഭ്യമായില്ല<br>Written By: Unnikrishnan M (Auditor, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-10-2022) | 1-24 |
| 25 | യോഗ പരിശീലകന്റെ നിയമനം - യോഗ്യത മാനദണ്ഡങ്ങൾ പാലിച്ചില്ല<br>Written By: Unnikrishnan M (Auditor, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-10-2022) | 1-25 |
| 26 | ലൈഫ് ഭവനപദ്ധതി - സബ്സിഡിയിനത്തിൽ അധികം നല്കിയ ഒരു ലക്ഷം രൂപ നിരാകരിക്കുന്നു<br>Written By: Sunitha M S (Senior Grade Auditor, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-10-2022) | 1-26 |
| 27 | ലൈഫ് ഭവന നിർമ്മാണം-നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Sunitha M S (Senior Grade Auditor, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-10-2022) | 1-27 |
| 28 | വി.ഇ.ഒ ഓഫീസിന് കമ്പ്യൂട്ടർ ,പ്രിന്റർ ,ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ- ഉപകരണങ്ങൾ ലഭിച്ചിട്ടില്ല<br>Written By: Sunitha M S (Senior Grade Auditor, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-10-2022) | 1-28 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം - ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല<br>Written By: Ambily M (Asst. Audit Officer, On 24-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 20-10-2022) | 1-29 |
| 30 | വിനിയോഗവിവരം ലഭ്യമാക്കിയില്ല<br>Written By: Sudha Jacob (Audit Officer, On 25-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 20-10-2022) | 1-30 |
| 31 | എൽ എസ് ജി ഡി ഓഫീസിന് കമ്പ്യൂട്ടർ , പ്രിന്റർ , ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമാകാൻ തുടർനടപടി സ്വീകരിക്കുക<br>Written By: Ambily M (Asst. Audit Officer, On 23-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-10-2022) | 1-31 |
| 32 | ടേക്ക് എ ബ്രേക്ക് -മുണ്ടൻകുന്ന് പിഎച്ച്സി ശുചിമുറി സമുച്ചയം | 1-32 |

| | | |
|---|---|---|
| | ഉപയോഗയോഗ്യമാക്കിയില്ല<br>Written By: Ambily M (Asst. Audit Officer, On 23-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 20-10-2022) | |
| 33 | ടേക്ക് എ ബ്രേക്ക് - ചെങ്ങളം പൊതുശൗചാലയം മെയിന്റനൻസും അനുബന്ധപ്രവൃത്തികളും - ശൗചാലയം ഉപയോഗയോഗ്യമാക്കിയിട്ടില്ല.<br>Written By: Ambily M (Asst. Audit Officer, On 24-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 20-10-2022) | 1-33 |
| 34 | പട്യാലിമറ്റം പി എച്ച് സി സബ്സെന്റർ നിർമ്മാണം- വൈദ്യുതീകരണം നടത്തി കെട്ടിടം ഉപയോഗയോഗ്യമാക്കിയിട്ടില്ല<br>Written By: Ambily M (Asst. Audit Officer, On 26-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 1-34 |
| 35 | മരാമത്ത് പ്രവൃത്തികൾ - ലേലനടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Ambily M (Asst. Audit Officer, On 26-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-10-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ലൈഫ് ഭവനപദ്ധതി - സബ്സിഡിയിനത്തിൽ അധികം നല്കിയ ഒരു ലക്ഷം രൂപ നിരാകരിക്കുന്നു<br>Written By: Sudha Jacob (Audit Officer, On 26-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-10-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Unnikrishnan M (Auditor, On 19-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-10-2022) | 4-1 |
| 2 | സംയുക്ത പദ്ധതികളുടെ ഫണ്ട് വിനിയോഗം<br>Written By: Unnikrishnan M (Auditor, On 19-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Unnikrishnan M (Auditor, On 19-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Unnikrishnan M (Auditor, On 19-09-2022)<br>Last Updated By: Unnikrishnan M (Auditor, On 19-09-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Unnikrishnan M (Auditor, On 19-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-10-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Unnikrishnan M (Auditor, On 19-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Unnikrishnan M (Auditor, On 19-09-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-10-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Unnikrishnan M (Auditor, On 19-09-2022)<br>Last Updated By: Unnikrishnan M (Auditor, On 19-09-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ<br>Written By: Unnikrishnan M (Auditor, On 19-09-2022)<br>Last Updated By: Unnikrishnan M (Auditor, On 23-09-2022) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Unnikrishnan M (Auditor, On 19-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-10-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Unnikrishnan M (Auditor, On 19-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-10-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 19-02-21തീയതിയിലെ 1(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 5416974 | 11439418 |
| വരവ് | 84085000 | 56331594 |
| ആകെ | 89501974 | 67771012 |
| ചെലവ് | 86070500 | 55797988 |
| നീക്കിയിരിപ്പ് | 3431474 | 11973024 |

ബജറ്റ് തയ്യാറാക്കുക എന്ന നിയമപരമായ ഒരു ബാധ്യത നിറവേറ്റുന്നതിന് പകരം പ്രതീക്ഷിത വരവ് ചെലവുകളും മുൻവർഷങ്ങളിലെ യഥാർത്ഥ വരവ്ചെലവുകളും താരതമ്യം ചെയ്ത് തുടർ വർഷങ്ങളിൽ പരമാവധി വിഭവസമാഹരണവും, ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഉറപ്പുവരുത്താനുള്ള ആഭ്യന്തര നിയന്ത്രണസംവിധാനമെന്ന നിലയിൽ (ബഡ്ജറ്ററി കൺട്രോൾ) കൃത്യതയോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 108647767/- രൂപയും ചെലവ് 110305688 രൂപയും തൻവർഷ ധനകമ്മി 1657921 രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 56606149 രൂപയും ബാധ്യതകളുടെ മൂല്യം 49589561 രൂപയും ജനറൽ ഫണ്ട് 7016588 രൂപയുമാണ്. 2021-22 ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. 31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) എ.സി.ആർ. പ്രകാരമുള്ള നീക്കിയിരിപ്പും ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിലെ നീക്കിയിരിപ്പും പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല. വ്യത്യാസങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് ഹെഡ് | ഇനം | എ.സി.ആർ. പ്രകാരം തുക | B4 ഷെഡ്യൂൾ പ്രകാരം തുക |
|---|---|---|---|
| 320100121 | ഐസിഡിഎസ് - കേന്ദ്ര വിഹിതം | 112727 | 140238 |
| 320700204 | ബ്ലോക്ക് വിഹിതം - (റവന്യൂ ചെലവുകൾ) | 42664 | 1059100 |
| 320700404 | ബ്ലോക്ക് വിഹിതം - (റവന്യൂ - പ്രത്യേക ഗ്രാന്റ്) | 0 | 300000 |
| 320800202 | സംഭാവന (കോവിഡ്) | 0 | 35000 |

പ്രത്യേക ഉദ്ദേശ ഗ്രാന്റുകളിൽ നിന്നും ചെലവ് നടത്തുമ്പോൾ ജേണൽ എൻട്രി നടത്തി ബാലൻസ്

ഷീറ്റിൽ ക്രമീകരണം നടത്തുന്നില്ല.

2. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

3. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4. 412010101-Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പ് 4880192/- രൂപ നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

5. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

6. വിവിധ സർക്കാർ ഏജൻസികളിലുള്ള തുകകളുടെ നിക്ഷേപം, വിനിയോഗം വിശദാംശങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ നിക്ഷേപപ്രവൃത്തികളുടെ യഥാർത്ഥ കണക്ക് B-18 ഷെഡ്യൂളിൽ പ്രതിഫലിക്കുന്നില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുമ്പോൾ ചെലവ് ക്രമീകരിക്കപ്പെടുന്നില്ല.

7. വിവിധ നിക്ഷേപ സർട്ടിഫിക്കറ്റുകൾ പ്രകാരം 2021-22ലെ സ്ഥിര നിക്ഷേപം 13,22,337/- രൂപയാണ്. എന്നാൽ ബി-12 ഷെഡ്യൂൾ പ്രകാരം സ്ഥിര നിക്ഷേപം 1212968/- രൂപയാണ്.

8. എം എൻ ഭവനപദ്ധതി അക്കൗണ്ടിൽ 45498 രൂപ നീക്കിയിരിപ്പ് കാണിക്കുന്നു. പദ്ധതി നിലവിലില്ലാത്തതിനാൽ ഈ തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. തൻവർഷ പലിശ ഉൾപ്പെടാതെയുള്ള 43748 രൂപ B5 ഷെഡ്യൂളിൽ വായ്പാ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത് അക്കൗണ്ടിംഗിലെ അപാകതയാണ്.

9. തൊഴിലുറപ്പ് പദ്ധതി വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

10. SGST, CGST എന്നിവയിലെ തെറ്റായ രേഖപ്പെടുത്തലുകൾ മൂലം B9 ഷെഡ്യൂളിൽ ആയവ നെഗറ്റീവ് സംഖ്യയായി രേഖപ്പെടുത്തിയിരിക്കുന്നു.

11. വിവിധ ഏജൻസികളിൽ പ്രവൃത്തികൾക്കായി നിക്ഷേപിച്ചിട്ടുള്ള തുക ഡെപ്പോസിറ്റ് ഹെഡിൽ ഉൾപ്പെടുത്തുന്നതിന് പകരം ആസ്തിയായി ചേർത്തത് ക്രമപ്രകാരമല്ല.

12. സ്ഥിരനിക്ഷേപത്തിൽ തൻവർഷം പലിശ കൂട്ടിചേർത്തത് AFS പ്രകാരം 88289 രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ ആയത് 86327/- രൂപയാണ്.

13. ബ്ലോക്ക്, വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം ഇനങ്ങളിൽ പഞ്ചായത്തിന് ലഭിച്ച വിഹിതം (RP7 , RP31 ) ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

14 .B18 ഷെഡ്യൂളിൽ NREGA അഡ്വാൻസ് നീക്കിയിരിപ്പ് 1257964 രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 7,95,521 രൂപയാണ് നീക്കിയിരിപ്പ്.

## 1-3 സാമ്പത്തികനില

2021-22 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ്, നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 11439418 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56331594 |
| ആകെ | 67771012 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55797988 |

| | |
|---|---|
| നീക്കിയിരിപ്പ് | 11973024 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 100000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2159514 |

1-4 ഗ്രാന്റ് വിനിയോഗം

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12536641 | 12536641 | 12529057 | 7584 | 99.93 |
| വികസന ഫണ്ട്-SCP | 0 | 2489887 | 2489887 | 2210430 | 279457 | 88.77 |
| വികസന ഫണ്ട്- TSP | 0 | 19552 | 19552 | 0 | 19552 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 2506350 | 2506350 | 1349651 | 1156699 | 53.84 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 5575327 | 5575327 | 1727032 | 3848295 | 30.97 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 13098242 | 13098242 | 6795641 | 6302601 | 51.88 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 5217738 | 5217738 | 3035193 | 2182545 | 58.17 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 134758 | 0 | 134758 | 0 | 134758 | - |
| ICDS ഫണ്ട് | 169097 | 1018905 | 1188002 | 375000 | 813002 | - |
| ഖരമാലിന്യ പരിപാലനം | 25520 | 233103 | 258623 | 233103 | 25520 | - |
| NREGS | 5126.7 | 13247513 | 13252639.7 | 13243953 | 8686.7 | - |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന

പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 37929 രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും ജി.ഒ. പ്രോജക്ടുകൾ ക്രമീകരിച്ചതിലെയും അപാകതകൾ താഴെ ചേർക്കുന്നു.

- ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല.
- ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2021-22 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 38,341/- രൂപ അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ എ.സി.ആറിലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 10-03-22 ലെ ഉത്തരവ് നം.81898/21/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 29-01-21 - 12-02-21 |
| ഭിന്നശേഷി ഗ്രാമസഭ | 12-02-21 |
| ഊരുകൂട്ട ഗ്രാമസഭ | 12-02-21 |
| വികസനസെമിനാർ | 20-02-21 |

2021-22 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 69175854/- രൂപയും ആകെ ചെലവ് 38242891/- രൂപയുമാണ്. അംഗീകാരം ലഭിച്ച 196 പ്രോജക്ടുകളിൽ 137എണ്ണം നടപ്പാക്കിയിട്ടുണ്ട്. കോവിഡ് പ്രതിസന്ധി തുടർന്ന കാലയളവായതിനാൽ അംഗീകാരം ലഭിച്ച പദ്ധതികളിൽ ഭാഗികമായവ ഉൾപ്പെടെ 70% മാത്രമാണ് തൻവർഷം നടപ്പാക്കിയത്. തൻവർഷം പ്രോജക്ടുകൾ ഏറ്റെടുത്ത 12 നിർവ്വഹണോദ്യോഗസ്ഥരിൽ സെക്രട്ടറി, വിഇഒ എന്നിവർക്ക് 50% ൽ താഴെയാണ് ചെലവ്. ആകെ ചെലവും 55% മാത്രം. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 3102081- | 2180760- | 70.3 |
| വെറ്ററിനറി സർജൻ | 9 | 9 | 3271383- | 1742127- | 53.3 |

| | | | | | |
|---|---|---|---|---|---|
| എം.ഒ (പിഎച്ച്സി) | 6 | 6 | 1124284- | 1124284- | 100 |
| എം.ഒ (ഹോമിയോ) | 3 | 3 | 125000- | 123829- | 99 |
| എം.ഒ (ആയുർവേദം) | 3 | 3 | 600000- | 556794- | 92.8 |
| വി ഇ ഒ | 24 | 17 | 19687493- | 8297574- | 42.1 |
| ഹെഡ്മാസ്റ്റർ | 3 | 2 | 471000- | 242420- | 51.5 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 7 | 4324100 | 3902148- | 90.2 |
| സെക്രട്ടറി | 41 | 15 | 10542583- | 3969904- | 37.7 |
| അസി.എൻജിനീയർ എൽ.എസ്.ജി.ഡി | 79 | 56 | 24237042- | 14647603- | 60.4 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 950000- | 949931- | 99.9 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 740888- | 505517- | 68.2 |
| ആകെ | 196 | 137 | 69175854- | 38242891- | 55.3 |

വർഷാവസാനം സഞ്ചിത നിധിയിലേയ്ക്ക് 87ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു.

ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

| ക്രമ നമ്പർ | ഫണ്ടിനം | ലാപ്സായ തുക |
|---|---|---|
| 1 | വികസനഫണ്ട്, പൊതുവിഭാഗം | 7584- |
| 2 | വികസനഫണ്ട്, എസ്.സി.പി | 279457- |
| 3 | വികസനഫണ്ട്, റ്റി.എസ്.പി | 19552- |
| 4 | മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 6302601- |
| 5 | മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം | 2182545- |
| | ആകെ | 8791739- |

ലൈഫ് ഭവനപദ്ധതി ലോൺ - എസ് സി പി വിഹിതം സ്രോതസ്സിൽ കുറവ് ചെയ്തത് സംബന്ധിച്ച്

ലൈഫ് ഭവനപദ്ധതി (എസ് സി പി )യ്ക്കായി ലോൺ തുക ചെലവഴിച്ചിട്ടില്ലെന്ന് രജിസ്റ്റർ പ്രകാരം കാണുന്നു. എന്നാൽ 1,27,255 രൂപ 2021-22 ലെ എസ് സി പി വിഹിതത്തിൽ നിന്നും സർക്കാർ സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. എസ് സി പി പ്രോജക്ടുകൾക്കായി പഞ്ചായത്തിന് അവകാശപ്പെട്ട തുകയാണിത്. ഫണ്ട് ലഭ്യമാക്കാൻ തുടർനടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്

പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് വിവാഹധനസഹായം – സർക്കാർ റ്റി എസ് പി ഫണ്ട് അനുവദിക്കാത്തതിനാൽ വികസനഫണ്ട് (പൊതുവിഭാഗം) തുക നൽകേണ്ടി വന്നു.

ധനസഹായം അനുവദിച്ച ജിമിൻ കുട്ടായി, മണലുങ്കൽ എന്നയാൾ പട്ടികവർഗ്ഗ വഭാഗത്തിൽ ഉൾപ്പെട്ടതാണ്. എന്നാൽ പഞ്ചായത്തിൽ റ്റി എസ് പി ഫണ്ട് അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ വികസനഫണ്ട് ( പൊതുവിഭാഗം)ൽ നിന്നും സഹായം നൽകി. റ്റി എസ് പി ഫണ്ട് സർക്കാരിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

2021-22 വർഷം സാങ്കേതിക അനുമതി ലഭിച്ച 253 പ്രോജക്ടുകളിൽ 202 എണ്ണവും തൻവർഷം നടപ്പിലാക്കി. 28301 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 479 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, കാലിത്തൊഴുത്ത്, ആട്ടിൻ കൂട്, കോഴിക്കൂട് നിർമ്മാണം എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2021-22 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 5126.70 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 12412310 | 13247513 |
| | ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ) | 835203 | |
| ആകെ വരവ് | | | 13252639.7 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 8310937 | 13243953 |
| | വിദഗ്ദ്ധ തൊഴിലാളികളുടെവേതനം, സാധന വില | 3757395 | |
| | ഭരണ ചെലവുകൾ | 1175621 | |
| ആകെ ചെലവ് | | | 13252639.7 |
| നീക്കിയിരിപ്പ് | | | 8686.70 |

വാർഷികകണക്കിലെ വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 സാമൂഹ്യക്ഷേമപദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 25524000 | 16632 |
| കർഷകതൊഴിലാളി പെൻഷൻ | 3088300 | 2076 |
| വിധവാപെൻഷൻ | 9517800 | 6025 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 874200 | 550 |
| വികലാംഗപെൻഷൻ | 4344700 | 2757 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാംവകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന അക്കൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പരിശോധന നിർവ്വഹിച്ച തീയതി/സമയം | ക്യാഷ് (Rs.) | ഡി.ഡി/ചെക്ക് | റിമാർക്സ് |
|---|---|---|---|
| 13.09.2022 @ 03:09 PM | 19,128/- | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്. അഡ്വാൻസ്/ഡെപ്പോസിറ്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും അഡ്വാൻസ് രജിസ്റ്റർ കൃത്യമല്ല. കാലഹരണപ്പെട്ട തുകകൾ തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. രസീതുബുക്കുകളുടെയും സ്റ്റേഷനറികളുടെയും സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും കമ്പ്യൂട്ടറുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. വൗച്ചറുകൾ കൃത്യമായി മാസം തിരിച്ച് അടുക്കി സൂക്ഷിയ്ക്കുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസങ്ങളിലും ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളും നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ പ്രോജക്ടുകളുടെ നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്റർ ചെയ്ത് പദ്ധതി പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയതായി ഒരു ഫയലിലും കാണുന്നില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/07/2022 | 2021/22 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 04/12/2017-07/12/2017 | 2009-10 മുതൽ 2013-14 വരെ | LBA(HQ)II/8A-2297/28 Dated 15/06/2015 |

## 1-11 വസ്തുനികുതി - [2016-17] മുതലുള്ള കുടിശ്ശിക തുക ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ 'തെക്കുംതല' വാർഡിൽ (നം. X) ഉൾപ്പെട്ട 'കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ്' എന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ 13918.35 ച. മീ തറ വിസ്തീർണ്ണമുള്ള '09' കെട്ടിടങ്ങൾക്ക് 2016 മുതലുള്ള വസ്തുനികുതി കുടിശ്ശിക നിലനിൽക്കുന്നതായി സഞ്ചയ വെബ് പോർട്ടൽ പരിശോധനയിൽ വ്യക്തമാകുന്നു. സഞ്ചയ ഡേറ്റാബേസ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | കുടിശ്ശിക കാലയളവ് | അടിസ്ഥാന നികുതി, ലൈബ്രറി സെസ്സ് ഉൾപ്പെടെയുള്ള കുടിശ്ശിക തുക (Rs.) |
|---|---|---|---|
| 1. | X/196 C | 2016 (II) – 2021 (II) | 72044 |
| 2. | X/196 D | 2016 (II) – 2021 (II) | 66451 |
| 3. | X/196 E | 2016 (II) – 2021 (II) | 92790 |

| | | | |
|---|---|---|---|
| 4. | X/196 F | 2016 (II) – 2021 (II) | 68931 |
| 5. | X/196 G | 2016 (II) – 2021 (II) | 68931 |
| 6. | X/196 H | 2016 (II) – 2021 (II) | 22148 |
| 7. | X/196 I | 2016 (II) – 2021 (II) | 88758 |
| 8. | X/196 J | 2016 (II) – 2021 (II) | 34017 |
| 9. | X/196 K | 2016 (II) – 2021 (II) | 19310 |
| | ആകെ | | 5,33,380/- |

2016 മുതൽ നാളിതുവരെ സമയബന്ധിതമായി കുടിശ്ശിക തുക ഈടാക്കാതിരുന്നതിനുള്ള സാഹചര്യം, കെട്ടിടങ്ങളുടെ ക്രമവത്കരണനടപടികളുടെ നിജസ്ഥിതി സംബന്ധിച്ച പൂർണവിവരങ്ങൾ ഉൾപ്പെടെ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [18/20.09.2022], ടി സ്ഥാപനം, 17.09.2022 തീയതിയിൽ ക്രമവത്കരണ ഫീസ് ഇനത്തിൽ 2,78,368/- രൂപ അടവാക്കിയതിനെത്തുടർന്ന്, പ്രസ്തുത '09' കെട്ടിടങ്ങളുടെ 2016-17 രണ്ടാം അർദ്ധവർഷം മുതലുള്ള വസ്തുനികുതി ഈടാക്കുന്നതിനായി, ഡിമാന്റ് നോട്ടീസ് [അരിയർ ഡിമാന്റ് സഹിതം] 19.09.2022 തീയതിയിൽ സ്ഥാപന അധികാരികൾക്ക് നേരിൽ കൈമാറിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സമയബന്ധിതമായി തുടർനടപടികൾ പൂർത്തിയാക്കി നികുതി തുക ഈടാക്കേണ്ടതും, ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉൾപ്പെടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-12 കെട്ടിടനിർമ്മാണം ക്രമവത്കരിച്ചില്ല

സ്വയംഭരണസ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ [Institute Of Human Resources Development] നിയന്ത്രണാധികാരത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ 'മഞ്ഞാമറ്റം' വാർഡിൽ [നം.XIII ] സ്ഥിതിചെയ്യുന്ന 'മറ്റക്കര മോഡൽ പോളിടെക്നിക് കോളേജി'ന്റെ 3594 ച. മീ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും യഥാസമയം അനുമതി തേടിയിരുന്നില്ല. നിർമ്മാണം പൂർത്തിയാക്കിയതിനുശേഷം ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സ്ഥാപനം അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന്, കെട്ടിടനിർമ്മാണം ക്രമവത്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് നിർദ്ദേശം നൽകുകയുണ്ടായി. ക്രമവത്കരണ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള പ്ലാനുകളിൽ ന്യൂനതകൾ ഉള്ളതായി ടൗൺ പ്ലാനർ അറിയിച്ചിരുന്നു. 26.07.2019- ലെ ജില്ലാതല അദാലത്തിലെ തീരുമാനപ്രകാരം, പ്ലാൻ പുനഃസമർപ്പിച്ച് ക്രമവത്കരണ അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കോളെജ് പ്രിൻസിപ്പലിന് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, 30.07.2019, 13.09.2021, 12.04.2022 തീയതികളിൽ പഞ്ചായത്തിൽ നിന്നും സ്ഥാപനത്തിന് കത്ത് നൽകിയെങ്കിലും, നാളിതുവരെ ടി വിഷയത്തിൽ പര്യാപ്തവും ഫലപ്രദവുമായ തുടർനടപടികളൊന്നും ഉണ്ടായതായി വ്യക്തമാകുന്നില്ല. ടി കെട്ടിടങ്ങളുടെ നിർമ്മാണം, നിയമാനുസൃതം ക്രമവത്കരിക്കാവുന്നതാണെങ്കിൽ ക്രമവത്കരിക്കുന്നതിനും, വസ്തുനികുതി നിർണ്ണയിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ തലത്തിൽ തീരുമാനങ്ങളോ നിർദ്ദേശങ്ങളോ ആവശ്യമെങ്കിൽ, ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതും, വിഷയം സംബന്ധിച്ചുള്ള തുടർനടപടികൾ സമയബന്ധിതമായി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1) | റബ്ബർ ട്രേഡിംഗ് കമ്പനി, കരിമ്പാനി | I, II | |
| 2) | സൗത്ത് ഇന്ത്യൻ ബാങ്ക്, കാഞ്ഞിരമറ്റം | II | |
| 3) | ശ്രീഗണേഷ് ഇൻഡെയ്ൻ സർവീസസ്, തറക്കുന്ന് | I, II | |
| 4) | സെന്റ് മേരീസ് എൽ.പി.എസ്, മുഴൂർ | I, II | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം, ഒന്നാം അർദ്ധ വർഷം ഹെഡ്മാസ്റ്റർ മാത്രമാണ് നികുതി ഒടുക്കിയിട്ടുള്ളത്. മറ്റ് അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരിൽ നിന്നും നികുതി തുക ഈടാക്കിയിട്ടില്ല. |
| 5) | സെന്റ് ആന്റണീസ് എൽ.പി.എസ്, ചെങ്ങളം | I, II | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം, ഒന്നാം അർദ്ധ വർഷം ഹെഡ്മാസ്റ്റർ മാത്രമാണ് നികുതി ഒടുക്കിയിട്ടുള്ളത്. മറ്റ് അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരിൽ നിന്നും നികുതി തുക ഈടാക്കിയിട്ടില്ല. |
| 6) | സപ്ലൈകോ മാവേലി സ്റ്റോർ, കാഞ്ഞിരമറ്റം | I | |
| 7) | ടോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് | I, II | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം, ഒന്നാം അർദ്ധ വർഷം മൂന്ന് ജീവനക്കാർ മാത്രമാണ് നികുതി ഒടുക്കിയിട്ടുള്ളത്. മറ്റ് അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരിൽ നിന്നും നികുതി തുക ഈടാക്കിയിട്ടില്ല. |
| 8) | വിശ്വേശ്വരയ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & | I, II | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം, അഞ്ച് ജീവനക്കാർ മാത്രമാണ് |

| | | | |
|---|---|---|---|
| | ടെക്നോളജി | | നികുതി ഒടുക്കിയിട്ടുള്ളത്. മറ്റ് അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരിൽ നിന്നും നികുതി തുക ഈടാക്കിയിട്ടില്ല. |
| 9) | ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ കള്ള് ഷാപ്പുകൾ | I | |
| 10) | ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ റേഷൻ കടകൾ | I, II | |
| 11) | ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ | I, II | |

സമയ ബന്ധിതമായി നികുതി തുക ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/20.09.2022) മറുപടി ലഭ്യമായിട്ടില്ല. നികുതി തുക ഈടാക്കി രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തറക്കുന്ന് മേഖലയിൽ, 'ശ്രീഗണേഷ് ഇൻഡെയ്ൻ സർവീസസ് ' എന്ന സ്ഥാപനം, FACTEOS ലൈസൻസ് നടപടികൾ പൂർത്തീകരിച്ച് ലൈസൻസോട് കൂടി പ്രവർത്തിക്കുന്നതായി പരിശോധനയിൽ വ്യക്തമായിട്ടില്ല. പാചകവാതകത്തിന്റെ (LPG) കൊമേഴ്സ്യൽ വിഭാഗത്തിൽ ഉൾപ്പെടെയുള്ള വിവിധ സിലണ്ടറുകൾ വൻതോതിൽ സ്റ്റോർ ചെയ്ത് ബിസിനസ്സ് നടത്തിവരുന്ന ടി സ്ഥാപനത്തിന് ലൈസൻസ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച്, ലൈസൻസ് ഇഷ്യൂ ചെയ്ത് നൽകാതെ പ്രവർത്തിക്കുവാൻ അനുമതി നൽകാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/20.09.2022), ഓഡിറ്റ് വർഷം ടി സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടില്ലെന്ന മറുപടി ലഭ്യമായിട്ടുണ്ട്. ലൈസൻസ് നടപടികൾ പൂർത്തീകരിക്കാതെ എൽ.പി.ജി സിലിണ്ടർ സ്റ്റോറിംഗ് സംബന്ധമായ ബിസിനസ് തുടരുവാൻ അനുവദിച്ചത് ക്രമപ്രകാരമല്ല. തുടർ വർഷങ്ങളിൽ വീഴ്ച സംഭവിക്കാതിരിക്കുവാൻ ഭരണസമിതിയുടേതുൾപ്പെടെയുള്ള പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-15 കടമുറികൾ ഉപയോഗശൂന്യമായി നിലനിർത്തിയിരിക്കുന്നു

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | കുത്തകക്കാരന്റെ പേരും വിലാസവും |
|---|---|---|
| 1) | IX (പഴയ ഗ്രാമ കേന്ദ്രം മുറി) | മധുമോഹൻ, കുഴിമറ്റത്തിൽ |

| | | |
|---|---|---|
| | | ചെങ്ങളം |
| 2) | IX/356A (ചെങ്ങളം അനൗൺസ്മെന്റ് മുറി) | മോഹനൻ. ഇ.എ ഇരട്ടക്കുളത്ത്, ചെങ്ങളം |

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള ടി കടമുറികൾ ഉപയോഗശൂന്യമായി നിലനിർത്തിയിരിക്കുന്നതായി, ബന്ധപ്പെട്ട വാടക രജിസ്റ്ററിന്റെയും അനുബന്ധ രേഖകളുടെയും പരിശോധനയിൽ നിന്നും വ്യക്തമാകുന്നു. ടി കടമുറികളിൽ വൈദ്യുതി കണക്ഷൻ ലഭ്യമല്ലായെന്നതാണ് കടമുറികൾ ഉപയോഗശൂന്യമായി നിലനിർത്തിയിരിക്കുന്നതിന് സാങ്കേതിക കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. വാടക രജിസ്റ്റർ പ്രകാരമുള്ള, ടി കുത്തകക്കാരിൽ നിന്നും ഓഡിറ്റ് വർഷത്തെ വാടക തുക ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ടി കുത്തകക്കാരുടെ സെക്യൂരിറ്റി തുകകളിൽ വാടക തുക ക്രമീകരിച്ചിട്ടുണ്ടോയെന്നതും, പുനഃലേല നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്നതും, വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചും, വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/20.09.2022), കരാർ നടപടികൾ പൂർത്തീകരിച്ച് പ്രതിമാസ വാടക അടവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് കക്ഷികൾക്ക് നിരവധി പ്രാവശ്യം കത്ത് നൽകിയിരുന്നെന്നും, നാളിതുവരെ കരാർ നടപടികളിലേർപ്പെടുകയോ വാടക തുക അടവാക്കുകയോ ചെയ്തിട്ടില്ലെന്നും, വാടകക്കാരുടെ സെക്യൂരിറ്റി തുകയിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുന്നതിനും, കടമുറികളിൽ വൈദ്യുതകണക്ഷൻ ലഭ്യമാക്കി പുനർലേലം ചെയ്യുന്നതിന് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമായിട്ടുള്ളത്. പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനം നഷ്ടപ്പെടുത്താതെ, സമയബന്ധിതമായി തുടർ നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭ്യമായില്ല

പഞ്ചായത്തിൽ നാളിതു വരെ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവായിട്ടുള്ളത്. ഈ ഇനത്തിൽ പഞ്ചായത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കുന്ന മുറയ്ക്ക് ഈ തുക പഞ്ചായത്തിന് കൈമാറുകയാണ് തുടർന്നു വരുന്ന രീതി. 2020-21 മുതൽ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിക്കുന്ന കറന്റ് അക്കൗണ്ടിൽ ടെണ്ടർ ഫീസ് വരവാകുമെന്ന് അറിയിച്ചിരുന്നെങ്കിലും പ്രസ്തുത അക്കൗണ്ടിൽ നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല. 2021-22 വർഷം 19 മരാമത്ത് പ്രവൃത്തികൾക്ക് ഇ- ടെണ്ടർ വഴി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പഞ്ചായത്തിന് അവകാശപ്പെട്ട ടെണ്ടർ ഫീസ് കണക്കാക്കി തനത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ ബാക്കി നില്ക്കുന്ന തുകകൾ ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ ചുവടെ ചേർക്കും പ്രകാരം തുക ബാക്കി നിൽക്കുന്നുണ്ട്. നിലവിൽ ബന്ധപ്പെട്ട പ്രോജക്ട് ഉണ്ടെങ്കിൽ ആയതിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കുവാനോ അല്ലാത്തപക്ഷം ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് തിരിച്ചടയ്ക്കുവാനോ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രനം | ഇനം | ബി4 ഷെഡ്യൂൾ പ്രകാരംതുക | വിശദീകരണവും സ്വീകരിക്കേണ്ട നടപടിയും |
|---|---|---|---|

| | | | |
|---|---|---|---|
| 2 | സമ്പൂർണ്ണ ശുചിത്വ പദ്ധതി,320300103 | 134758 | പെർഫോമൻസ് ബേസ്ഡ് ഗ്രാന്റ് പദ്ധതിയിൽ 2021-22 വർഷാരംഭം ഓപ്പണിംഗ് ബാലൻസ് ആയി ഉണ്ടായിരുന്ന തുക 1082341 രൂപയാണ്. ആയതിൽ 1049300 രൂപ തൻവർഷം ചെലവഴിച്ചു. 2021-22 ൽ യഥാർത്ഥത്തിൽ അവശേഷിക്കുന്ന തുക 33041 രൂപയാണ്. ആയത് ചെലവഴിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. |
| 3 | സംയോജിത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം,320700304 | 244081 | കുർക്കമറ്റം - പന്നഗം തോടിന് ക്രോസ്ബാർ കം ബ്രിഡ്ജ് എന്ന പദ്ധതിയിൽ അവശേഷിക്കുന്ന തുകയായ 244081 രൂപ തിരികെ അടവാക്കേണ്ടതാണ്. |
| 4 | സംയോജിത പദ്ധതി ജില്ലാപഞ്ചായത്ത് വിഹിതം,320700205 | 368281 | തുക തിരികെ അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് |
| 6 | എസ് എസ് എ 320100116 | 68219 | കെട്ടിട നിർമ്മാണ പൂർത്തീകരണത്തിനു ശേഷം ബാക്കി വന്ന തുക തിരികെ അടവാക്കേണ്ടതാണ്. |
| 7 | കേന്ദ്ര വിഹിതം 320100199 | 12000 | തുക ചെലവഴിക്കാൻ പുതിയ പ്രോജക്ട് രൂപീകരിക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. |
| 8 | കേന്ദ്ര വിഹിതം 320100201 | 10000 | അങ്കണവാടിയുടെ അനുബന്ധപ്രവർത്തനത്തിനായി തുക ചെലവഴിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 10 | സംസ്ഥാന വിഹിതം 320200399 | 198584 | മുന്നിരിപ്പായി അക്കൗണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത തുകയുടെ കൃത്യത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. |
| 11 | ഗുണഭോക്തൃവിഹിതം 320800101 | 437021 | ചെലവഴിച്ച തുക ജേർണൽ വൗച്ചർ വഴി ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. |
| 12 | ചിയാക്ക് 320300199 | 3112 | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നീക്കിയിരിപ്പ്. തുക |

| | | | |
|---|---|---|---|
| | | | ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. |

1-18 കേന്ദ്ര ധനകാര്യകമ്മീഷൻ അവാർഡ് - സാങ്കേതിക പിഴവ് മൂലം ബേസിക് ഗ്രാന്റ് തുക ചെലവഴിക്കാൻ കഴിഞ്ഞില്ല

പഞ്ചായത്തിന് 2021-22 വർഷത്തെ 15-ാം ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റ് (സി എഫ് സി അൺടൈഡ് ) രണ്ടാം ഗഡുവായി GO(RT)472/22/Fin/ 20.01.22 പ്രകാരം അനുവദിച്ച 11,67,000 രൂപ സാംഖ്യ വെബിൽ നിന്നും ബില്ല് എടുത്ത് പള്ളിക്കത്തോട് സബ്ട്രഷറിയിൽ നൽകുകയും ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിന് ആരംഭിച്ച സൗത്ത് ഇൻഡ്യൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്തു. എന്നാൽ ബേസിക് ഗ്രാന്റിൽ നിന്നും പേയ്മെന്റ് നടത്തുന്ന സന്ദർഭത്തിൽ മാത്രമാണ് ബേസിക് ഗ്രാന്റ് രണ്ടാം ഗഡു തുക ടൈഡ് ഗ്രാന്റിലാണ് എൻട്രി നടന്നതെന്ന അപാകത മനസ്സിലാക്കിയത്. ആകയാൽ ബേസിക് ഗ്രാന്റിൽ നിന്നും തുടർന്ന് ചെലവ് നടത്താൻ സാധിക്കാതെ വന്നു. അപാകത മനസ്സിലാക്കി തിരുത്തി നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷം തന്നെ മേലധികാരികളെ അറിയിച്ചിരുന്നുവെങ്കിലും കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിൽ നിന്നും ജേർണൽ എൻട്രി അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ തിരുത്തുവാൻ കഴിയുകയുള്ളൂ എന്ന് അറിയിപ്പ് പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. 2021-22 ൽ ബേസിക് ഗ്രാന്റ് ചെലവഴിയ്ക്കാൻ കഴിയാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം , പ്രോജക്ട് | നിർവ്വഹണം | സി എഫ് സി ബേസിക് / (അൺ ടൈഡ്) |
|---|---|---|
| 41/22, തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ | സെക്രട്ടറി | 364638 |
| 208/22, പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ | സെക്രട്ടറി | 255612 |
| 197/22, പ്ലാത്തോട്ടം-കിഴക്കേമുറി റോഡ് ടാറിംഗ് | അസി.എഞ്ചിനീയർ | 15063 |
| 188/22, കരിമ്പാനി കുടുംബക്ഷേമ കേന്ദ്രം - സബ്സെന്റർ മെയിന്റനൻസ് | അസി.എഞ്ചിനീയർ | 99973 |
| 113/22, ദിശാ ബോർഡ് | അസി.എഞ്ചിനീയർ | 23526 |
| 212/22, വാഴേക്കുളം – ഒറ്റപ്ലാക്കൽ റോഡ് കോൺക്രീറ്റിംഗ് | അസി.എഞ്ചിനീയർ | 97200 |
| ആകെ | | 856012 |

പിഴവ് തിരുത്തുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതും ബേസിക് ഗ്രാന്റ് ചെലവഴിച്ച വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-19 പൊതുടാപ്പുകളുടെ വെള്ളക്കരം -കുടിശ്ശിക ഒഴിവാക്കേണ്ടതാണ്

ഏപ്രിൽ മാസം പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ ചാർജ്ജിനത്തിൽ 38938 രൂപ വൗച്ചർ നം. 22100082/3.5.21 പ്രകാരം അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഏപ്രിൽ മാസത്തെ ഡിമാന്റ്

നോട്ടീസ് പ്രകാരം 89 പൊതുടാപ്പുകൾക്ക് തൻമാസ ഡിമാന്റ് 40888 രൂപയാണ്. ഇപ്രകാരം ഡിമാന്റ് തുക 40888 രൂപയായിരിക്കെ 1950 രൂപ കുറവായി അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14) 89 വാട്ടർ ടാപ്പുകളുടെ പ്രതിമാസ വാട്ടർ ചാർജ്ജ് 38938 രൂപയായി ഡിമാന്റ് ചെയ്തത് പ്രകാരം 4/21 വരെ ടി തുക അടവാക്കി വന്നിരുന്നു എന്നും എന്നാൽ യാതൊരു മുന്നറിയിപ്പും കൂടാതെ 5/21 ൽ 40888 രൂപയായി വർദ്ധിപ്പിച്ച് ഡിമാന്റ് നോട്ടീസ് നല്കിയതിനാൽ നിലവിലെ ഡിമാന്റ് തുകയായ 38938 രൂപ തന്നെ അടവാക്കിയതെന്നും മറുപടി നല്കി. 5/21 ൽ കുറവായി അടവാക്കിയ തുക 1950 രൂപ അടവാക്കേണ്ടതാണ്. ടി കുടിശ്ശിക കൂടി ചേർത്തുള്ള തുകയാണ് തുടർന്നുള്ള മാസങ്ങളിൽ കുടിശ്ശികയായി വന്നിരിക്കുന്നത് കൂടാതെ ഏപ്രിൽ മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം 842 രൂപ കുടിശ്ശിക അടവാക്കാനുള്ളതായി കാണുന്നു. ടി കുടിശ്ശികയുടെ പലിശ ഉൾപ്പെടെ 3/22 ആയപ്പോഴേക്കും കുടിശ്ശിക 3412 രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇപ്രകാരം കുടിശ്ശികയിനത്തിൽ തുക ഉണ്ടാകാനിടയായ സാഹചര്യം പരിശോധിക്കേണ്ടതും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം കുടിശ്ശികയുടെ പിഴപ്പലിശ കൂടിക്കൂടി പഞ്ചായത്തിന് വൻ തുക വെള്ളക്കരമിനത്തിൽ കുടിശ്ശികയുണ്ടാകുന്ന സാഹചര്യം ഉടലെടുക്കുന്നതാണ്. ഭരണ സമിതിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു .

## 1-20 വിവിധ കമ്മിറ്റി തീരുമാനങ്ങളിൻമേൽ തുടർനടപടികൾ സ്വീകരിക്കാനവശേഷിക്കുന്നു

ചുവടെ കൊടുത്തിരിക്കുന്ന വിവിധ കമ്മിറ്റി തീരുമാനങ്ങളിൻമേൽ തുടർനടപടികൾ സ്വീകരിക്കാനവശേഷിക്കുന്നു.

1. 7(2)/5-5-21- മഴക്കാല പൂർവ്വ ശുചീകരണങ്ങൾ വാർഡ്തല ശുചിത്വസമിതിയുടെ നേതൃത്വത്തിൽ നടത്തുന്നതിനും 21-22 വർഷം ശുചിത്വമിഷൻഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ ഓരോ വാർഡ് തല ശുചിത്വസമിതിക്കും 10000/- രൂപ നിരക്കിൽ തനതുഫണ്ടിൽ നിന്നും നൽകുന്നതിനും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും ചെലവഴിക്കുന്ന തുക ശുചിത്വമിഷനിൽ നിന്നും അനുവദിക്കുമ്പോൾ റീക്കുപ്പ് ചെയ്യുന്നതിനും തീരുമാനിച്ചു.
2. 1(2)/6-9-21- ആറാം നമ്പർ അങ്കണവാടി (ദർശന അങ്കണവാടി)നിർമ്മാണത്തിനുള്ള 40% ചെലവ് തുക (580000-)നിർമമ്മാണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് വിഭാഗത്തിന് കൈമാറിയത് തിരികെ നൽകുന്നതിനുള്ള പൊതുമരാമത്ത് വകുപ്പിന്റെ കത്തിൻമേലുള്ള ചർച്ച. തിരികെ നൽകുന്ന തുക ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുകയില്ല എന്നതിനാൽ വിശദമായ കത്ത് തയ്യാറാക്കി ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു .

മേൽ പറഞ്ഞിരിക്കുന്നവ ഉൾപ്പെടെ വിവിധ കമ്മിറ്റി തീരുമാനങ്ങളിൻമേലുള്ള തുടർനടപടി ആരാഞ്ഞുകൊണ്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.24/22.09.2022) നിലവിൽ ശുചിത്വമിഷൻഫണ്ട് 150000/- ലഭിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ വിനിയോഗസാക്ഷ്യപത്രം നൽകുന്ന മുറയ്ക്ക് തുക റീക്കുപ്പ് ചെയ്യുന്നതാണെന്നും അതുപോലെ മേൽ ക്രമ നം. 2 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയ്ക്കും പിഡബ്ല്യുഡി എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും കത്ത് അയച്ചിട്ടുണ്ടെന്നും നാളിതുവരെ തുക തിരികെ കിട്ടിയിട്ടില്ലയെന്നും 2022-23 വാർഷികപദ്ധതിയിൽ ടി പ്രവൃത്തി ഉൾപ്പെട്ടിട്ടുള്ളതായും മറുപടി നൽകി. തുടർനടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 സബ്സെന്റർ നിർമ്മാണത്തിനായി തുക കൈമാറി- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചെങ്ങളം സബ്സെന്റർ നിർമ്മാണം-എൻ ആർ എച്ച് എം ന് തുക ഡെപ്പോസിറ്റ് ചെയ്യൽ പദ്ധതിയ്ക്കായി ( No. 43/22) നാഷണൽ ഹെൽത്ത് മിഷൻ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരം ആദ്യഘട്ട നിർമ്മാണത്തിനായി ധനകാര്യ കമ്മീഷൻ

ഗ്രാന്റിൽ നിന്നും 250000/- ( Vr.no.XVFC/2021-22/P/1 / ) രൂപ കൈമാറിയിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷൻ തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സബ്സെന്റർ നിർമ്മാണത്തിന് എൻ എച്ച് എം ഫണ്ടിൽ നിന്നും 930774/- രൂപയും പഞ്ചായത്ത് വിഹിതമിനത്തിൽ 700000/- രൂപയുമെന്നതിൽ പഞ്ചായത്ത് വിഹിതം 882571/- രൂപയായി ഉയർത്തിയിട്ടുണ്ട്. സബ്സെന്റർ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം. 11/19.09.2022) എൻ എച്ച് എം ഈ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതിയ്ക്ക് കൈമാറിയിട്ടുള്ളതായും പഞ്ചായത്ത് വിഹിതത്തിലെ ബാക്കി തുക കൂടി 2022-23 വർഷം നൽകി കരാറിൽ ഏർപ്പെടുന്നതാണെന്നും മറുപടി നൽകി. നിലവിൽ നൽകിയ തുക നിക്ഷേപമായി തുടരുന്നതിനാൽ തൻവർഷത്തെ 250000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല -തുക തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ, പിഎച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥയായി വിവിധ പ്രോജക്ടുകൾ പ്രകാരം സാധനങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് പ്രൊഫോർമാ ഇൻവോയ്സ് പ്രകാരം തുകകൾ നല്കിയിട്ടുണ്ട്.എന്നാൽ നാളിതുവരെയും മുഴവൻ സാധനങ്ങളും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.<br>പേര് | ബിൽ നം/ തുക | പ്രൊഫോർമ ഇൻവോയ്സ് നം | ലഭിച്ച സാധനങ്ങളുടെ വില | ലഭിക്കാനവ ശേഷിക്കുന്ന സാധനങ്ങളുടെ വില |
|---|---|---|---|---|
| 106/22<br>കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, അനുബന്ധപ്രവർത്തനങ്ങൾ | 14/14.1.22 - 148378 | PRF 4538/ 31.12.21 | 62551 | 85827 |
| 94/22<br>പാലിയേറ്റീവ് രോഗികൾക്ക് മരുന്ന് വാങ്ങൽ | 11/28.12.21 -51309 | PRF 4530/ 23.12.21 | 36187 | 15122 |
| | ചെക്ക്നം. 5430599/19.2.22 1,00,000/- | PRF 4349/ 23.12.21 | 90667 | 9333 |
| | | | ആകെ | 110282 |

ലഭിക്കാനവശേഷിക്കുന്ന സാധനങ്ങളുടെ വിലയായ 110282/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാധനങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 കോവിഡ് ചെലവുകളുടെ അവലോകനം

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ കെ.ആർ.നാരായണൻ മെമ്മോറിയൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ 02.07.2020 മുതൽ 15.03.2021 വരെ പ്രവർത്തിച്ചിരുന്നു. പിന്നീട് മുണ്ടൻകുന്ന് പി.എച്ച്.സിയിൽ ഡൊമിസിലിയറി കെയർ സെന്റർ പ്രവർത്തനം ആരംഭിക്കുകയും നവംബർ 2021 വരെ പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ക്ലീനിംഗ് സ്റ്റാഫ്, സെക്യൂരിറ്റി സ്റ്റാഫ്, നഴ്സിംഗ് സ്റ്റാഫ് എന്നിവരുടെ വേതനമിനത്തിലും ഭക്ഷണചെലവിനത്തിലും തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. സെന്ററിന്റെ നടത്തിപ്പിനായി തൻവർഷം 1175231/- രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻവർഷം ചെലവഴിച്ച തുകയുൾപ്പെടെ 1478724/- രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും 21-22 വർഷം തിരികെ ലഭിച്ചിട്ടുണ്ട്.

കോവിഡ് ചെലവിനത്തിൽ ചെലവഴിച്ച മുഴുവൻ തുകയും തിരികെ ലഭിച്ചിട്ടുണ്ട്.

1-24 കരിമ്പാനി ഗവ. ഹോമിയോ ഡിസ്പെൻസറി - മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, കരിമ്പാനി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ S0007/ 2021-22 നം. പദ്ധതി പ്രകാരം, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി 50,000/- രൂപ മെയിന്റനൻസ് റോഡിതരം ഫണ്ടിൽ വകയിരുത്തുകയും, 124/10.12.2021നം. ബിൽ പ്രകാരം 50,000/- രൂപ, HOMCOയുടെ 34306403911 നം. SBI അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ആവശ്യപ്പെട്ട മരുന്നുകളുടെ വിവരം (തുക) | ലഭിച്ച മരുന്നുകളുടെ വിവരം (തുക) | ലഭിക്കാനുള്ള മരുന്നുകളുടെ വിവരം (തുക) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| ഗവ.ഹോമിയോ ഡിസ്പെൻസറി, കരിമ്പാനി | 50,000/- | 0 | 50,000/- | മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി, കരിമ്പാനി |
| ആകെ | 50,000/- | 0 | 50,000/- | |

10.12.2021-ൽ തുക പൂർണ്ണമായും ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ട് നാളിതുവരെയായിട്ടും മരുന്ന് ലഭ്യമാക്കാൻ സാധിക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/20.09.2022) മറുപടി ലഭ്യമായിട്ടില്ല. സമയബന്ധിതമായി പദ്ധതികൾ നിർവ്വഹിക്കുന്നതിലും അതിന്റെ പൂർത്തീകരണത്തിലും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണവും നിർദ്ദേശങ്ങളും ഉണ്ടാകേണ്ടതാണ്. 50,000/- രൂപയുടെ മരുന്നുകൾ ലഭ്യമാകാത്തതിനാൽ, ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-25 യോഗ പരിശീലകന്റെ നിയമനം - യോഗ്യത മാനദണ്ഡങ്ങൾ പാലിച്ചില്ല

| | |
|---|---|
| പദ്ധതി നം. | S00219/2021-2022 |
| പദ്ധതി | കുട്ടികൾക്ക് യോഗ പരിശീലനം |
| ഫണ്ട് ഇനം | പൊതു വിഭാഗം - സാധാരണ വിഹിതം |
| അടങ്കൽ | 50,000/- |
| ചെലവ് | 6,800/- |
| ബിൽ നം./ തുക | 329/24.03.2022<br>6,800/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫിസർ (ആയുർവേദം) |
| വെറ്റിങ്ങ് ഓഫിസർ | സീനിയർ മെഡിക്കൽ ഓഫിസർ |
| പദ്ധതി അംഗീകാരം | തീരുമാനം നം. 12/2021 /01.01.2022 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എയ്ഡഡ്/ സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ ശാരീരികവും മാനസികവുമായ സുസ്ഥിതിയ്ക്കുവേണ്ടി, കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട്, നിർദ്ദിഷ്ട യോഗ്യതയുള്ള യോഗ പരിശീലകരുടെ സേവനം ഉറപ്പാക്കി, യോഗ പരിശീലനം നടത്തുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിലേക്കായി, 29.01.2022 / 02.00 PM -ന് ബഹു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ആയുർവേദ മെഡിക്കൽ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്ന യോഗ പരിശീലകർക്കായുള്ള ഇന്റർവ്യൂവിൽ, ശ്രീ. ടോമി ജോൺ, ശ്രീ. സിജി മോൻ. എം, ശ്രീ. അനൂപ്.കെ.ജോൺ എന്നിവർ പങ്കെടുക്കുകയും, ഫയലിൽ ലഭ്യമായിട്ടുള്ള സ്കോർ ഷീറ്റ് പ്രകാരം യഥാക്രമം 33, 30, 51 എന്നീ നിലയിൽ മാർക്കുകൾ നേടുകയും, ഉയർന്ന മാർക്ക് നേടിയിട്ടുള്ള ശ്രീ. അനൂപ്.കെ.ജോണിന് യോഗ പരിശീലകൻ എന്ന നിലയിൽ 2(2)/ 07.02.2022 നം. തീരുമാനം പ്രകാരം അംഗീകാരം നൽകിയിട്ടുള്ളതുമാണ്.

തദ്ദേശ സ്വയംഭരണ (ഡി എ)വകുപ്പിന്റെ 2383/2021/തസ്വഭവ/25.11.2021 നം. ഉത്തരവ് പ്രകാരം, സർക്കാർ അംഗീകരിച്ചിട്ടുള്ള സിലബസ്സിൽ സ്റ്റേറ്റ് റിസോർസ് സെന്റർ കേരളയും, യോഗ അസോസിയേഷൻ ഓഫ് കേരളയും, സംയുക്തമായി സംഘടിപ്പിക്കുന്ന, ഒരു വർഷത്തിൽ കുറയാതെയുള്ള ഡിപ്ലോമ ഇൻ യോഗ ടീച്ചർ ട്രെയിനിംഗ് കോഴ്സ് (DYT)പാസ്സായ പരിശീലകരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള യോഗ പരിശീലനത്തിന് പരിശീലകരായി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. കൂടാതെ, ആയുഷ് (എ) വകുപ്പിന്റെ 03/2022/AYUSH/03.01.2022 നം. ഉത്തരവ് പ്രകാരം, സർക്കാർ അംഗീകാരത്തോടും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് സൂക്ഷ്മപരിശോധന നടത്തിയ സിലബസ്സും ഉൾപ്പെടുത്തി സ്റ്റേറ്റ് റിസോഴ്സ് സെന്റർ നടത്തുന്ന ഒരു വർഷത്തിൽ കുറയാതെയുള്ള ഡിപ്ലോമ ഇൻ യോഗ ടീച്ചർ ട്രെയിനിംഗ് കോഴ്സ്പഠിച്ച പരിശീലകരെ ആയുഷ് വകുപ്പിലെ പ്രോജക്ടുകളിൽ പരിശീലകരായി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

ഫയലിൽ ലഭ്യമായിട്ടുള്ള, വിവിധ കാൻഡിഡേറ്റുകളുടെ യോഗ്യത സർട്ടിഫിക്കറ്റുകൾ പരിശോധിച്ചത് പ്രകാരം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള യോഗ പരിശീലകൻ ശ്രീ. അനൂപ്.കെ.ജോണിന് ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അതേ യോഗ്യതകൾ ഇല്ലായെന്നുമാത്രമല്ല, സ്കോർ ഷീറ്റിലെ ക്രമ നം. (2)-ൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ. സിജിമോൻ. എം - ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അതേ യോഗ്യതകൾ നേടിയിട്ടുള്ളതായും കാണുന്നു. സ്കോർ ഷീറ്റിലെ ക്രമ നം. (1)-ൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ. ടോമി ജോണിന്റെ സർട്ടിഫിക്കറ്റ് വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള യോഗ പരിശീലകൻ ശ്രീ. അനൂപ്.കെ.ജോൺ, മഹാത്മാഗാന്ധി സർവകലാശാല നടത്തുന്ന 'യോഗിക് സയൻസി'ലുള്ള ഒരുവർഷ ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ളതും, പ്രതിദിനം 400/- രൂപ പ്രകാരം '17' ദിവസത്തെ വേതനമായ 6800/- രൂപ, ടി യാളുടെ പേരിൽ പൂവത്തിളപ്പ് SBI ശാഖയിലെ 67149615260 നം. അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതുമാണ്. ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അതേ യോഗ്യതകൾ ഇല്ലാതിരിക്കെ, ശ്രീ. അനൂപ്.കെ.ജോണിന്, യോഗ പരിശീലകനായി അംഗീകാരം നൽകാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [20/20.09.2022], കോവിഡ് മഹാമാരിയുടെ അടിയന്തിര സാഹചര്യം മൂലവും, യോഗ്യത മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുള്ള ടി സർക്കാർ ഉത്തരവുകളെപ്പറ്റി പരിജ്ഞാനം ഇല്ലായിരുന്നത് മൂലവുമാണ്, പ്രസ്തുത സാഹചര്യം ഉണ്ടായതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടല്ലാതെ, യോഗ പരിശീലകനെ നിയമിച്ച ഭരണസമിതി തീരുമാനം ക്രമപ്രകാരമല്ല. തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ വീഴ്ചയുണ്ടാകാതിരിക്കുവാൻ ഭരണസമിതിയുടേതുൾപ്പെടെയുള്ള സവിശേഷ ശ്രദ്ധയും നിയന്ത്രണവും ഉണ്ടാകേണ്ടതാണ്.

1-26 ലൈഫ് ഭവനപദ്ധതി - സബ്സിഡിയിനത്തിൽ അധികം നല്കിയ ഒരു ലക്ഷം രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 58/22 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി (ജനറൽ) |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ, മറ്റക്കര സർക്കിൾ |

| | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 2000000 | 2000000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 2500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1000000 | 940000 |
| ജില്ലാ പഞ്ചായത്ത് | 1000000 | -- |
| മറ്റുള്ളവ | 3500000 | -- |
| ആകെ | 10000000 | 2940000 |

ലൈഫ് ഭവനപദ്ധതി ഗുണഭോക്താവായ ശ്രീ. സാജൻ ജേക്കബ്, കൊച്ചക്കര, ചെങ്ങളം.പി.ഒ എന്ന ഗുണഭോക്താവ് 16.10.2020ൽ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിരുന്നു. ടി ഗുണഭോക്താവിന് വിവിധ ഘട്ടങ്ങളിൽ നൽകിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ തീയതി | അനുവദിച്ച തുക |
|---|---|
| 14/20-21/16.10.20 | 40000/രൂപ |
| 26/20-21/ 28.01.21 | 160000/രൂപ |
| 43/20-21/ 26.03.21 | 100,000/രൂപ |
| 1/21-22/ 12.07.21 | 100,000/രൂപ |
| 3/21-22/ 13.08.21 | 100,000/രൂപ |
| ആകെ | 500000/- രൂപ |

ലൈഫ് ഭവന പദ്ധതി പ്രകാരം ഗുണഭോക്താവിന് ആകെ അനുവദിക്കാവുന്ന സബ്സിഡിതുക 4,00,000/- രൂപ ആണെന്നിരിക്കെ 1,00,000/- രൂപ അധികം നല്കിയത് നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/20.09.2022) തന്റെ ക്ളറിക്കൽ പാകപ്പിഴ മൂലമാണ് ഒരു ലക്ഷം രൂപ അധികം നല്കിയതെന്ന് വി.ഇ.ഒ മറുപടി നല്കി. അധികം നല്കിയ തുക തിരികെ ഒടുക്കുവാൻ ഗുണഭോക്താവിനോട് രേഖാമൂലവും ഭരണ സമിതി അംഗങ്ങൾ മുഖേനയും ആവശ്യപ്പെട്ടു എങ്കിലും ടിയാൾ തുക തിരികെ അടയ്ക്കില്ല എന്ന നിഷേധാത്മക നിലപാട് സ്വീകരിച്ചിരിക്കുകയാണെന്നും അറിയിച്ചു. ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. അധികം നല്കിയ 1,00,000/- രൂപ (ഒരു ലക്ഷം രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-27 ലൈഫ് ഭവന നിർമ്മാണം-നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവന നിർമ്മാണപദ്ധതി പ്രകാരം തുക കൈപ്പറ്റിയിട്ട് നാളിതുവരെ ഭവന നിർമ്മാണം

പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|
| ശുഭ സന്തോഷ്, | 40000 | 13.08.18 |
| കുന്നംപുറത്ത് കരിമ്പാനി | 160000 | 29.11.18 |
| ഓമന രാഘവൻ | 40000 | 22.8.19 |
| പുലമ്പേപ്പതിയിൽ | 160000 | 28.10.19 |
| മണലുങ്കൽ | 100000 | 9.01.2020 |
| റോയി ആന്റണി | 40000 | 12.11.20 |
| പ്ലാത്തറ,ചെങ്ങളം | 160000 | 12.08.21 |
| സലോമി റോബി | 40000 | 12.11.20 |
| പ്ലാത്തറ, ചെങ്ങളം | 160000 | 05.08.21 |

ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 വി.ഇ.ഒ ഓഫീസിന് കമ്പ്യൂട്ടർ ,പ്രിന്റർ ,ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ- ഉപകരണങ്ങൾ ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 222/22 |
| പ്രോജക്ടിന്റെ പേര് | വി.ഇ.ഒ. ഓഫീസിന് കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ,മറ്റക്കര സർക്കിൾ |
| അടങ്കൽ-മെയിന്ററൻസ് ഗ്രാന്റ് -(നോൺ റോഡ്) | 200000 |
| ചെലവ് | 102899 |
| ബിൽ നം | 36/23.3.22 |

വി.ഇ.ഒ ഓഫീസിന് കമ്പ്യൂട്ടർ ,പ്രിന്റർ ,ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങുന്നതിനായി 102899 രൂപ കെൽട്രോണിന് (പ്രൊഫോർമ ഇൻവോയ്സ് നം.TVM/ITBG/PI/RC/36299/20-21/11.3.22) നല്കിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/20.09.2022) മറുപടിയായി നാളിതുവരെ സാധനങ്ങൾ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചു. കൊൽട്രോണിന്റെ റേറ്റ് ഓരോ സാധനത്തിനും സാമ്പത്തികവർഷം മാറിയപ്പോൾ കൂടിയതിനാൽ നിലവിൽ നല്കിയ തുകയിൽ സാധനങ്ങൾ നല്കുവാൻ കഴിയുകയില്ല എന്ന് കെൽട്രോണിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. കെൽട്രോണുമായി കരാറിലേർപ്പെടുമ്പോൾ റേറ്റ് സംബന്ധിച്ച് കൃത്യമായി നിബന്ധനകൾ ഇല്ലാത്തതാണ് ഇത്തരത്തിലുള്ള അപാകതകൾക്ക് ഇടയാക്കുന്നത്. ആയതിനാൽ കൃത്യമായ നിബന്ധനകളോടുകൂടി കരാറിലേർപ്പെടുവാനും സമയബന്ധിതമായി സാധനങ്ങൾ ലഭ്യമാകുമെന്ന് ഉറപ്പുവരുത്തുന്നതിനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്ന വീഴ്ചമൂലം പഞ്ചായത്തിന് ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. ഉപകരണങ്ങൾക്കായി നല്കിയ 102899 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാധനങ്ങൾ ലഭിക്കാത്തപക്ഷം തുക കെൽട്രോണിൽ നിന്നും

തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-29 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം - ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം, പ്രോജക്റ്റ് | 59/22, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം |
| നിർവ്വഹണം | അസി.സെക്രട്ടറി |
| ചെലവ് | 101000 (എസ് സി പി)<br>(ബിൽ നം - 7/30.03.22) |

ജെയ്സൺ ഇംപെക്സ് പുലിയന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും 34 സ്റ്റീൽ മേശ, കസേര എന്നിവ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാനാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. എന്നാൽ നാല് വിദ്യാർത്ഥികൾ പ്രോജക്റ്റ് കാലയളവിൽ വിദ്യാഭ്യാസം പൂർത്തീകരിച്ചവരാകയാൽ 30 ഉപകരണങ്ങൾ മാത്രമേ വിതരണം ചെയ്യാൻ സാധിച്ചിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (6/19-09-22) മറുപടിയായി നടപ്പ് സാമ്പത്തിക വർഷം ഗുണഭോക്തൃപട്ടികയിലെ മുൻഗണനാക്രമമനുസരിച്ച് വിതരണം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഉപകരണങ്ങൾ വിതരണം ചെയ്ത വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 19512/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 വിനിയോഗവിവരം ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. പദ്ധതികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ആകെ ചെലവുതുക 489395-രൂപ തടസ്സപ്പെടുത്തുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| എക്സി.എഞ്ചിനീയർ, പിഎച്ച് ഡിവിഷൻ,കേരള വാട്ടർ അതോറിറ്റി, കോട്ടയം | 140/22.പഞ്ചായത്തിലെ ഘടകസ്ഥാപനങ്ങൾക്ക് വാട്ടർ കണക്ഷൻ | - | 200000 | 0 | 200000 |
| എക്സി.എഞ്ചിനീയർ, പിഎച്ച് ഡിവിഷൻ,കേരള വാട്ടർ അതോറിറ്റി, കോട്ടയം | 110/22.ചെങ്ങളം വാട്ടർ അതോറിറ്റി ടാങ്കിൽ നിന്നും ഇരട്ടക്കുളം ഭാഗത്തേയ്ക്ക് ജലവിതരണ പൈപ്പ് ലൈൻ സ്ഥാപിയ്ക്കൽ | 38/19-03-22 | 200000 | 0 | 200000 |
| അസി.എഞ്ചിനീയർ, കെഎസ് സി ബി ഇലക്ട്രിക്കൽ സെക്ഷൻ, പള്ളിക്കത്തോട് | 104/22 ലൈൻ വലിയ്ക്കൽ -<br>കെ എസ് ഇബിയ്ക്ക് തുക അടവാക്കൽ | 36/26-02-22 | 10000 | 0 | 10000 |

| | | | | | |
|---|---|---|---|---|---|
| അസി.എഞ്ചിനീയർ, കെഎസ് സി ബി ഇലക്ട്രിക്കൽ സെക്ഷൻ, | 56/21സ്ലീറ്റ് മെയിൻ വലിക്കൽ | 34/21-02-22 | 28312 | 0 | 28312 |
| | | - | 51083 | 0 | 51083 |
| ആകെ | | | 489395 | | 489395 |

## 1-31 എൽ എസ് ജി ഡി ഓഫീസിന് കമ്പ്യൂട്ടർ , പ്രിന്റർ , ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമാകാൻ തുടർനടപടി സ്വീകരിക്കുക

| | |
|---|---|
| പ്രോജക്ട് നം | 224/22 |
| ചെലവ് | 202501 മെയിന്റനൻസ് ഗ്രാന്റ് ( നോൺ റോഡ്) |
| | ബിൽ നം - 36/19.03.22 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

CPRCS മുഖേന ഉപകരണങ്ങൾ വാങ്ങാൻ 202501 രൂപ KELTRON ന് കൈമാറി. എന്നാൽ നാളിതുവരെ ഉപകരണങ്ങൾ ലഭ്യമാക്കാത്തതിനാൽ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള എസ് ബി ഐ പൂവത്തിളപ്പ് (A/c No – 38443974241 ) ബ്രാഞ്ചിലേയ്ക്ക് മടക്കി നൽകണമെന്ന് അസി.എഞ്ചിനീയർ 20/07/22 ന് കെൽട്രോണിന് കത്ത് നൽകിയതിനെ തുടർന്ന് തുക നിലവിൽ അക്കൗണ്ടിലേയ്ക്ക് മടക്കി നൽകിയിട്ടുണ്ട്. GeM ൽ ലോഗിൻ Create ചെയ്ത് ഉപകരണങ്ങൾ ഓർഡർ ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നതായി ഓഡിറ്റ് എൻക്വയറിയ്ക്ക് (21/ 22/09/22 ) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 202501 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 ടേക്ക് എ ബ്രേക്ക് -മുണ്ടൻകുന്ന് പിഎച്ച്സി ശുചിമുറി സമുച്ചയം ഉപയോഗയോഗ്യമാക്കിയില്ല

2020-21 , 2021-22 വർഷങ്ങളിലായി പൊതുജനങ്ങൾക്ക് ശുചിമുറി സൗകര്യമൊരുക്കുന്നതിന് നടപ്പാക്കിയ പ്രോജക്ട് പ്രകാരം മുണ്ടൻകുന്ന് പിഎച്ച്സി കോമ്പൗണ്ടിൽ ശുചിമുറിസമുച്ചയം പണിയുന്നതിനായി ചുവടെ ചേർക്കും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | 178/22 |
| I St & Part Bill ( 2020-21 ) | ബ്ലോക്ക് വിഹിതം - 1,50,000 രൂപ<br>സി എഫ് സി - 146915 രൂപ |
| II Nd & Part Bill ( 2021-22) | ശുചിത്വ മിഷൻ - 4,20,000 രൂപ<br>സി എഫ് സി - 63721 രൂപ |
| III Rd & Final Bill ( 2021-22) | സി എഫ് സി - 33417 രൂപ |
| ആകെ | 8,14,053 രൂപ |

ആദ്യ രണ്ട് പാർട്ട് ബില്ലുകൾ പ്രകാരം ശുചിമുറി സമുച്ചയ നിർമ്മാണവും , മൂന്നാം ബിൽ പ്രകാരം കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷനും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ശുചിമുറി സമുച്ചയ പൂർത്തീകരണവും അനുബന്ധപ്രവർത്തനവും എന്നുള്ള 191/22 നമ്പർ പ്രോജക്ട് പ്രകാരം കോംപ്ലക്സ് പൂർത്തീകരണം , സാനിട്ടറി നാപ്കിൻ വെൻഡിംഗ് മെഷീൻ , ഇൻസിനറേറ്റർ സ്ഥാപനം എന്നിവയ്ക്കായി 95,211 രൂപയും (സി എഫ് സി) ചെലവഴിച്ചു. ഇപ്രകാരം 2020-21 , 2021-22 വർഷങ്ങളിലായി 9,09,264 രൂപയാണ് ആകെ ചെലവ്. എന്നാൽ ശുചിമുറി കോംപ്ലക്സ് നാളിതുവരെ പൊതുജനാവശ്യത്തിനായി തുറന്നു നൽകിയിട്ടില്ലയെന്ന്24/09/22 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22 / 22/9/2022) മറുപടിയായി എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി തുറന്ന് പ്രവർത്തിക്കുന്നതിനായി താക്കോൽ സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ടെന്ന് അസി.എഞ്ചിനീയർ മറുപടി നൽകി. ശുചിമുറി സമുച്ചയം പ്രവർത്തനക്ഷമമാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. കെട്ടിടം പ്രവർത്തനക്ഷമമാക്കാത്ത സാഹചര്യത്തിൽ 2021-22 വർഷം ചെലവഴിച്ച 517138/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2020-21 ൽ ഒന്നാം പാർട്ട്ബില്ലിൽ നിന്നും(സി എഫ് സി വിഹിതം) 6628 രൂപ റിട്ടെൻഷൻ ഇനത്തിൽ കുറവ് ചെയ്ത് ട്രഷറി തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ഉൾപ്പെടെയാണ് രണ്ടാം പാർട്ട് ബില്ലിൽ പിൻവലിച്ചത്. റിട്ടെൻഷൻ ഇനത്തിൽ തനത്ഫണ്ടിൽ അവശേഷിക്കുന്ന തുക പിൻവലിച്ച് സർക്കാറിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-33 ടേക്ക് എ ബ്രേക്ക് - ചെങ്ങളം പൊതുശൗചാലയം മെയിന്റനൻസും അനുബന്ധപ്രവൃത്തികളും - ശൗചാലയം ഉപയോഗയോഗ്യമാക്കിയിട്ടില്ല.

പൊതുജനങ്ങൾക്ക് ശുചിമുറി സൗകര്യമൊരുക്കുന്നതിന് ചെങ്ങളം മാലിന്യ സംഭരണകേന്ദ്രത്തിന് സമീപമുണ്ടായിരുന്ന പൊതുശൗചാലയം മെയിന്റനൻസ് നടത്തുന്നതിനായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം | 172/22, |
| നിർവ്വഹണം | അസി.എഞ്ചിനീയർ |
| ചെലവ് | സി എഫ് സി - 100000 രൂപ, ബിൽ നം.356/30.03.2022 |

2020-21 വർഷം ശുചിത്വ മിഷൻഫണ്ടിൽ നിന്നും 209970 രൂപ കൂടി ഉൾപ്പെടെ ആകെ 309970 രൂപ മെയിന്റനൻസ് അനുബന്ധപ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ വൈദ്യുതീകരണം നടത്തിയിട്ടില്ല. ശുചിമുറി കോംപ്ലക്സ് നാളിതുവരെ പൊതുജനാവശ്യത്തിനായി തുറന്നു നൽകിയിട്ടില്ലയെന്നും പ്രസ്തുത സ്ഥലത്ത് പൊതുജനങ്ങൾക്കായി ഒരു പൊതുശൗചാലയം ആവശ്യവുമല്ലയെന്നും 24.09.2022 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. സമീപ മാലിന്യസംഭരണകേന്ദ്രത്തിലെ മാലിന്യങ്ങൾ ശൗചാലയ പരിസരത്ത് ചിതറിക്കിടക്കുന്ന അവസ്ഥയാണ്. ശുചിത്വ മിഷൻ ഫണ്ട് ചെലവഴിക്കാനായി മാത്രം ഇപ്രകാരം ശുചിമുറികൾ നിർമ്മിക്കുന്നത് കൊണ്ട് യാതൊരു പ്രയോജനവും പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നില്ല. കെട്ടിടത്തിന്റെ വൈദ്യുതീകരണം പൂർത്തീകരിച്ച് പ്രയോജനപ്രദമാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 പട്യാലിമറ്റം പി എച്ച് സി സബ്സെന്റർ നിർമ്മാണം- വൈദ്യുതീകരണം നടത്തി കെട്ടിടം ഉപയോഗയോഗ്യമാക്കിയിട്ടില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് പട്യാലിമറ്റത്ത് പിഎച്ച്സിയ്ക്ക് ഹാളും, ഒരു മുറിയും

ടോയ്‌ലെറ്റ് ഉൾപ്പെടെയുള്ള ഒരു സബ്സെന്റർ നിർമ്മിക്കുന്നതിനായി 2021-22 വർഷം ചുവടെ ചേർക്കുന്ന രണ്ട് പ്രോജക്ടുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം | 168/22 (സ്പിൽ ഓവർ) |
| നിർവ്വഹണം | അസി.എഞ്ചിനീയർ |
| ചെലവ് | തനത് ഫണ്ട്- 167896 രൂപ |
| പ്രോജക്ട് നം | 79/22, സബ്സെന്റർ നിർമ്മാണ പൂർത്തീകരണം |
| ചെലവ് | സി എഫ് സി - 249891രൂപ |
| ആകെ ചെലവ് | 417787 രൂപ |

നിർമ്മാണം പൂർത്തീകരിച്ചെങ്കിലും കെട്ടിടം വൈദ്യുതീകരണം നടത്തി പൊതുജനാവശ്യത്തിന് ഉപയുക്തമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ അനുബന്ധ പ്രവൃത്തികൾ കൂടി പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കെട്ടിടം പ്രവർത്തനസജ്ജമാകുന്നത് വരെ ചെലവഴിച്ച 417787/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-35 മരാമത്ത് പ്രവൃത്തികൾ - ലേലനടപടി സ്വീകരിക്കേണ്ടതാണ്

ചുവടെ ചേർക്കുന്ന പ്രവൃത്തിയുടെ പാഴ് വസ്തുക്കൾ ലേലം ചെയ്തിട്ടില്ല

| | |
|---|---|
| 188/22 , കരിമ്പാനി കുടുംബക്ഷേമ കേന്ദ്രം സബ്സെന്റർ മെയിന്റനൻസ് | 1. GI Pipes & MS Angles – 35 Kg<br>2.GI Trafford Sheet –AE LSGD യുടെ 7.296 Kg<br>3.GI Trafford Sheet – അസിസ്റ്റന്റ് എഞ്ചിനീയർ, എൽഎസ്ജിഡി- യുടെ സർവ്വേ റിപ്പോർട്ട് പ്രകാരം മൂല്യം 133.80 രൂപ (അളവ് രേഖപ്പെടുത്തിയിട്ടില്ല.) |

ഉപയോഗശൂന്യമായ സാധനങ്ങൾ ലേലം ചെയ്യാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് ഭവനപദ്ധതി - സബ്സിഡിയിനത്തിൽ അധികം നല്കിയ ഒരു ലക്ഷം രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം | 58/22 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി (ജനറൽ) |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ,മറ്റക്കര സർക്കിൾ |

ലൈഫ് ഭവനപദ്ധതി ഗുണഭോക്താവായ ശ്രീ. സാജൻ ജേക്കബ് , കൊച്ചക്കര. ചെങ്ങളം.പി.ഒ എന്ന ഗുണഭോക്താവ് 16.10.2020ൽ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിരുന്നു. ടി ഗുണഭോക്താവിന് വിവിധ ഘട്ടങ്ങളിൽ നൽകിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ തീയതി | അനുവദിച്ച തുക |
|---|---|
| 14/20-21/16.10.20 | 40000/രൂപ |
| 26/20-21/ 28.01.21 | 160000/രൂപ |
| 43/20-21/ 26.03.21 | 100,000/രൂപ |
| 1/21-22/ 12.07.21 | 100,000/രൂപ |
| 3/21-22/ 13.08.21 | 100,000/രൂപ |
| ആകെ | 500000/- രൂപ |

ലൈഫ് ഭവന പദ്ധതി പ്രകാരം ഗുണഭോക്താവിന് ആകെ അനുവദിക്കാവുന്ന സബ്സിഡിതുക 4,00,000/രൂപ ആണെന്നിരിക്കെ 1,00,000/രൂപ അധികം നല്കിയത് നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/20.09.2022) തന്റെ ക്ലറിക്കൽ പിഴവ് മൂലമാണ് ഒരു ലക്ഷം രൂപ അധികം നല്കിയതെന്ന് വി.ഇ.ഒ മറുപടി നല്കി. അധികം നല്കിയ തുക തിരികെ ഒടുക്കുവാൻ ഗുണഭോക്താവിനോട് രേഖാമൂലവും ഭരണ സമിതി അംഗങ്ങൾ മുഖേനയും ആവശ്യപ്പെട്ടു എങ്കിലും ടിയാൾ തുക തിരികെ അടയ്ക്കില്ല എന്ന നിഷേധാത്മക നിലപാട് സ്വീകരിച്ചിരിക്കുകയാണെന്നും അറിയിച്ചു.ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. അധികം നല്കിയ 1,00,000/- രൂപ (ഒരു ലക്ഷം രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഗുണഭോക്താവിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 13.09.2022 - 24.09.2022 | കെഎസ്എ-കെടിഎം/പി13 /2016/2022 തീയതി: 26.09.2022 |

### 4-2 സംയുക്ത പദ്ധതികളുടെ ഫണ്ട് വിനിയോഗം

2021-2022 വർഷത്തിൽ സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച ഫണ്ടിന്റെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 2021-22 | 550000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 550000 |
| | 2021-22 | 110000 | നെൽകൃഷി വികസനം | 91438 |

| | | | | |
|---|---|---|---|---|
| | 2020-21<br>2021-22 | 580000<br>360000 | ലൈഫ് ഭാവന പദ്ധതി (ജനറൽ) | 940000 |
| | 2021-22 | 244610 | അംഗൻവാടി പോഷകാഹാര വിതരണം | 244610 |
| | 2021-22 | 125000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 125000 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | 19,51,048/- |
| ജില്ല പഞ്ചായത്ത് കോട്ടയം | 2020-21 | 990000 | കുർക്കമറ്റം - പന്നഗം തോട്ടിൽ ക്രോസ്സ് ബാർ കം ബ്രിഡ്ജ് | 990000 |
| | 2021-22 | 500000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 500000 |
| | 2021-22 | 375000 | അംഗൻവാടി പോഷകാഹാര വിതരണം | 375000 |
| | ജില്ലാ പഞ്ചായത്ത് വിഹിതം | | | 18,65,000/- |

സ്ഥാപനത്തിൽ പരിപാലിച്ചുവരുന്ന ACR - ൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ള തുകകകളും, ബന്ധപ്പെട്ട ശീർഷകങ്ങളുടെ ലഡ്ജർ തുകകളും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു. ആയതിനാൽ, സംയുക്ത പദ്ധതികളുമായി ബന്ധപ്പെട്ടുള്ള വാർഷിക ധനകാര്യ പത്രികയിലെ വരവ്-ചെലവ്-നീക്കിയിരിപ്പ് തുകകളും, രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ വരവ്-ചെലവ്-നീക്കിയിരിപ്പ് തുകകളും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു, ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം, ഓഡിറ്റ് വർഷം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | ഫണ്ട് ഇനം | മുൻകൂർ നൽകിയ തുക (Rs.) | ചെലവഴിച്ച തുക |
|---|---|---|---|---|
| KSEB | 104/2021-22 ലൈൻ വലിയ്ക്കൽ | പൊതുവിഭാഗം - സാധാരണ വിഹിതം | 10000 | വിനിയോഗവിവരം ലഭ്യമല്ല |
| | 56/2021-22 സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ | 1)പൊതുവിഭാഗം - സാധാരണ വിഹിതം<br>2) CFC (Basic) | 79395 | വിനിയോഗവിവരം ലഭ്യമല്ല |
| KWA | 110/2021-22 ചെങ്ങളം വാട്ടർ അതോറിറ്റി | CFC (Tied) | 200000 | വിനിയോഗവിവരം ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| | ടാങ്കിൽ നിന്നും ഇരട്ടക്കുളം കോളനി ഭാഗത്തേക്ക് ജലവിതരണ പൈപ്പ് ലൈൻ സ്ഥാപിക്കൽ | | | |
| | 140/2021-22 പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങൾക്ക് വാട്ടർ കണക്ഷൻ | CFC (Tied) | 200000 | വിനിയോഗവിവരം ലഭ്യമല്ല |
| NRHM | 43/2021-22 ചെങ്ങളം സബ്സെന്റർ നിർമ്മാണം | CFC (Basic) | 250000 | വിനിയോഗവിവരം ലഭ്യമല്ല |
| | ആകെ | | 7,39,395/- | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

2021-2022 വർഷം പഞ്ചായത്തിന് ലഭിച്ച വായ്പയുടേയും, തിരിച്ചടവിന്റേയും, വർഷാവസാനം തിരിച്ചടവാക്കാൻ ശേഷിക്കുന്ന തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടവാക്കിയ തുക | | വർഷാവസാനം തിരിച്ചടവാക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | GO(MS)100/2018/LSGD Dated-30/07/2018 | 1374608 | ഇല്ല | 968000 | - | 406608 |

2021-2022 വർഷം, ലൈഫ് ഭവന പദ്ധതിയ്ക്കായി ഹഡ്കോ വായ്പയിനത്തിൽ, വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും 8,40,745/- രൂപ അടവാക്കിയിട്ടുണ്ട്(സർക്കാർ,സ്രോതസ്സിൽ കിഴിവ് ചെയ്തത്). ലൈഫ് ഭവന പദ്ധതിയ്ക്കായി, എസ്.സി.പി വിഭാഗത്തിൽ ലോൺ തുക ചെലവഴിച്ചിട്ടില്ലെന്ന്, ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയിൽ വ്യക്തമായിട്ടുണ്ടെങ്കിലും, ഓഡിറ്റ് വർഷത്തിലെ എസ്.സി.പി വിഹിതത്തിൽ നിന്നും 1,27,255/- രൂപ, സർക്കാർ സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. എം എൻ ലക്ഷംവീട് പദ്ധതി അക്കൗണ്ടിൽ പലിശയുൾപ്പെടെ 45498/- രൂപ അവശേഷിക്കുന്നു. (B5-43748 രൂ.) പദ്ധതി നിലവിലില്ലാത്തതിനാൽ ടി തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 12,11,006/- |
| തൻവർഷം നിക്ഷേപിച്ച തുക | 1,11,131/- (ഓഡിറ്റ് വർഷത്തെ പലിശ തുക, സ്ഥിര നിക്ഷേപത്തോട് ചേർത്തതും, ഓഡിറ്റ് വർഷം പുതിയതായി ലഭിച്ച എൻഡോവ്മെന്റ് ഡെപ്പോസിറ്റായ 30,000/- രൂപയും ഉൾപ്പെടെ ) |
| ആകെ | 13,22,137/- |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13,22,137/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1) | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് (A/c No:7228) | 03.03.2010 | 1 വർഷം | 571307 | |
| 2) | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് (A/c No:7229) | 02.03.2010 | 1 വർഷം | 285656 | |
| 3) | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് (A/c No:7230) | 03.03.2010 | 1 വർഷം | 425174 | |
| 4) | കാഞ്ഞിരമറ്റം സർവ്വീസ് | 25.06.2002 | 1 വർഷം | 10000 | എൻഡോവ്മെന്റ് ഡെപ്പോസിറ്റ് |

| | | | | | |
|---|---|---|---|---|---|
| | സഹകരണ ബാങ്ക് (A/c No:3076) | | | | |
| 5) | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് (A/c No:17629) | 25.11.2021 | 240 മാസം | 30000 | ഓഡിറ്റ് വർഷം പുതിയതായി ലഭിച്ച എൻഡോവ്മെന്റ് ഡെപ്പോസിറ്റ് |
| | | | ആകെ | 13,22,137/- | |

വാർഷിക ധനകാര്യ പത്രിക B-12 ഷെഡ്യൂൾ പ്രകാരം, 12,12,968/- രൂപയാണ് ഇൻവെസ്റ്റ്മെന്റായി ഉൾപ്പെടുത്തിയിട്ടുള്ളത്. 1,09,169/- രൂപയുടെ വ്യത്യാസം പരിഹരിക്കേണ്ടതും രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവ് ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ

ചാർജ്ജ് സർചാർജ്ജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 67,771,012/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,57,97,988/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 100000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2159514 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡികനം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 100000 | മനു മോഹനൻ, വിഇഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | | സൂസി ജോസഫ്, സെക്രട്ടറി |

| | | |
|---|---|---|
| | 250000 | |
| 1-22 | 110282 | ഡോ പ്രീത എസ് വൈ, മെഡിക്കൽ ഓഫീസർ, പിഎച്ച് സി |
| 1-24 | 50000 | ഡോ വസുധ എസ്മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-28 | 102899 | മനു മോഹനൻ, വിഇഒ |
| 1-29 | 19512 | ജോസഫ് മാർട്ടിൻ, അസി.സെക്രട്ടറി |
| 1-30 | 489395 | മനു മോഹനൻ, വിഇഒ |
| 1-31 | 202501 | കവിത എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-32 | 517138 | കവിത എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-34 | 417787 | കവിത എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 2159514 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും സ്ഥിരം മേൽവിലാസവും |
|---|---|---|
| 3-1 | 100000 | മനു മോഹനൻ, വിഇഒ (മറ്റക്കര സർക്കിൾ)<br>വട്ടുതലക്കര,<br>ആനിക്കാട് പി.ഒ., പള്ളിക്കത്തോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(2)/18/ 16.02.2018 | 3 |
| 2005-06 | കെ.എസ്.എ.-കെ.ടി.എം.പി13/54 | 2 |

| | | |
|---|---|---|
| | /22/31.05.2022 | |
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി13/55 /22/01.06.2022 | 1 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2022/56/22/04.08.2022 | 5 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 22/57/22/04.08.2022 | 4 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ22 /58/04.08.2022 | 9 |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2022/59/22/04.08.2022 | 9 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2022/60/22/04.08.2022 | 14 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ2022 /61/22/04.08.2022 | 8 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ22 /62/22/04.08.2022 | 11 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13/360 /22/23.07.2022 | 8 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13/360 /22/23.07.2022 | 10 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13/362 /22/23.07.2022 | 8 |
| 2018-19 | കെ.എസ്.എ.കെ.ടി.എം .പി 13/1395 /2019/07.04.2022 | 13 |
| 2019-20 | കെ.എസ്.എ.കെ.ടി.എം .പി 13/765 /2021/06.11.2021 | 17 |
| 2020-21 | കെ.എസ്.എ.കെ.ടി.എം .പി 13/1714 | 22 |

| | | | |
|---|---|---|---|
| | /2021/14.02.2022 | | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്